**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **05-12-2022 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ സ്വഭാവമുള്ള പൊലീസുകാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പോലീസിലെ ക്രിമിനൽ സ്വഭാവമുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം തുടങ്ങിയ കാര്യങ്ങളിൽ ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. കൂടാതെ പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവം പ്രകടിപ്പിക്കുന്ന പോലീസുകാരുടെ കേസുകളിലെ പങ്കാളിത്തം, അവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരായി വകുപ്പ് തല, നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വിവിധ കേസുകളിൽപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | നിലവിലുള്ള കേസുകളിൽ ഉൾപ്പെട്ട 637 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പോലീസ് സേനയിലെ ചില ഉദ്യോഗസ്ഥരുടെ ക്രിമിനൽ സ്വഭാവം കൊണ്ട് സേനയ്ക്ക് ഉണ്ടാവുന്ന പ്രയാസങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | ഇത്തരക്കാരായ ചുരുക്കം ചില പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിലും വകുപ്പ് തലത്തിലും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പരിപത്രങ്ങളും മാർഗ നിർദ്ദേശങ്ങളും പോലീസ് കർശനമായി പാലിയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ